# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.2277      20.06.2012 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ബാധിതമായ കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകൾ ഏതൊക്കെയെന്നും പ്രസ്തുത പഞ്ചായത്തുകളിൽ എൻഡോസൾഫാൻ ബാധിച്ച് ഇതുവരെ മരണപ്പെട്ടവരുടെയും രോഗബാധിതരായി കഴിയുന്നവരുടെയും കണക്കുകൾ വ്യക്തമാക്കുമോ; | (എ) | കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ള എൻഡോസൾഫാൻ ഏരിയൽ സ്പ്രേ നടത്തിയ കശുമാവിൻ തോട്ടങ്ങൾ സ്ഥിതി ചെയ്യുന്ന കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു. ബദിയഡുക്ക, ബെള്ളൂർ, എൻമകജെ, കുംബഡജെ, കാറഡുക്ക, മുളിയാർ, അജാനൂർ, കള്ളാർ, പനത്തടി, പുല്ലൂർ - പെരിയ, കയ്യൂർ -ചീമേനി.<br>പ്രസ്തുത പ്രദേശങ്ങളിൽ നിന്നും സ്ഥലം മാറിപ്പോയവരും, പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളുടെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവരും (11 ഗ്രാമപഞ്ചായത്തിന് പുറത്തുള്ള പ്രദേശങ്ങളാണെങ്കിൽ കൂടി) ആദ്യകാലങ്ങളിൽ അംഗീകരിക്കപ്പെട്ട ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ 11 പഞ്ചായത്തുകളിൽ താമസമുള്ളവരും മെഡിക്കൽ ക്യാമ്പുകളിൽ വിദഗ്ധ |

| | | | |
|---|---|---|---|
| | | | ഡോക്ടർമാർ ശുപാർശചെയ്യപ്പെട്ടന്നതുമായ രോഗികളെയാണ് ദുരിത ബാധിതരുടെ ലിസ്റ്റിൽ നിലവിൽ ഉൾപ്പെടുത്തി വരുന്നത്. ഇതിനകം അംഗീകരിച്ച ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർ - 4880 ആണ്.<br>ദുരിതബാധിതരിൽ മരണമടഞ്ഞവർ - 779 |
| (ബി) | എൻഡോസൾഫാൻ ബാധിത ലിസ്റ്റിൽ പ്പെടാത്ത പഞ്ചായത്തുകളിൽ നിന്നും ക്യാമ്പിൽ പങ്കെടുത്ത് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എത്ര രോഗികളുണ്ട്; | (ബി) & (സി) | 2011 മാർച്ച് മാസം വരെ നടത്തിയ ക്യാമ്പുകളിൽ 11 ഗ്രാമ പഞ്ചായത്തിന് പുറത്ത് താമസിക്കുന്ന 447 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്ക് ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട്. അതിന് ശേഷം നടത്തിയ ക്യാമ്പിൽ പങ്കെടുത്തവരിൽ ജില്ലയിലെ 11 ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെട്ടവരെ മാത്രമേ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ക്യാമ്പിൽ പങ്കെടുത്ത മറ്റു പഞ്ചായത്തുകളിൽപെട്ട രോഗികളെ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ഇത്തരത്തിലുള്ളരോഗികളെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ? | | |

സെക്ഷൻ ഓഫീസർ